THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

# MALAYALAM MODEL EXAMINATION : 1

ക്ലാസ്സ് : **10**

സമയം : **3hrs** മാർക്ക് : **80**

എ വിഭാഗം/ **Section A**

**1** ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം

ശരിയുത്തരം എടുത്തെഴുതുക.

**(**ഓരോന്നിനും **1** മാർക്ക് വീതം **)**

**(8x1=8)**

"ശാസ്ത്രത്തിന ശരീരത്തെ ചികിത്സിക്കാൻ കഴിഞ്ഞേക്കാം. മരുന്നുകൾ ശരീരത്തെ രോഗ വിമുക്തമാക്കാനുമായേക്കാം. അശുദ്ധി മാറുമ്പോൾ ശരീരം ശുദ്ധവും ആരോഗ്യപൂർണ്ണവുമാകും. പക്ഷേ, മനസ്സിന്റെ കാര്യമോ**?** അതിന് ഈശ്വരചിന്തയാണ് ചികിത്സ. ധ്യാനനിഷ്ഠമായ മനസ്സിൽ കരുത്തും ആരോഗ്യവും ഉണ്ടാകും. പൂജാദി കർമ്മങ്ങളിലൂടെയും ഉപാസനകളി ലൂടെയും ജപങ്ങളിലൂടെയും കൈവരിക്കുന്നത് അതാണ്. വേദങ്ങളുടെയും പുരാണങ്ങളുടെയും കാവ്യങ്ങളുടെയും കടമ മനുഷ്യനെ നേർവഴിക്കു നയിക്കുകയെന്നതാണ്. മാർഗ്ഗം വ്യത്യസ്ത മാണെന്നു മാത്രം. ആദികാവ്യമായ രാമായണത്തിന മുമ്പുതന്നെ വേദങ്ങൾ ഉണ്ടായിരുന്നു. പ്ര ഭൂസമ്മിതങ്ങളായ വേദങ്ങൾ, മനുഷ്യരോട് ആജ്ഞാപിക്കുന്നു. ശാസിച്ച നേർവഴി നടത്തുന്നു. സുഹൃദ്സമ്മിതങ്ങളായ പുരാണങ്ങൾ സുഹൃത്തിനെപ്പോലെ സ്നേഹപൂർവ്വം ഉപദേശിക്കും. കാവ്യങ്ങൾ കാന്താസമ്മിതങ്ങളാണ്. ഭാര്യ ഭർത്താവിനോടെന്നപോലെ അവ നമ്മെ ഉപദേശി ക്കും. ശാസനയുണ്ടായെന്നിരിക്കും. അതിലേറെ സ്നേഹവും ഉണ്ടാകും. ഉത്തമജീവിതത്തിന് ഉ തകുന്നതെല്ലാം പുരാണങ്ങൾ നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്. തിരഞ്ഞെടുക്കേണ്ടതെന്ന് സൂചി പ്പിക്കുന്നുമുണ്ട്. താരതമ്യങ്ങൾ കാണിച്ചുതരുന്നുമുണ്ട്. വിവേകിക്ക് വേണ്ടത് കാണാം, മനസ്സി ലാക്കാം,സ്വീകരിക്കാം."

ചോദ്യങ്ങൾ

a. മനസ്സ് ശുദ്ധമാക്കാൻ എന്താണ് വേണ്ടത്?

(സ്നേഹം, പ്രാർത്ഥന, ഈശ്വരചിന്ത)

b. വേദങ്ങളുടെയും പുരാണങ്ങളുടെയും കടമായെന്ത്?

(മനുഷ്യനെ നേർ വഴിക്ക് നയിക്കുക, ഈശ്വര സേവ, ദാനധർമ്മം ചെയ്യുക)

c. എപ്പോഴാണ് ശരീരവും ശുദ്ധവും ആരോഗ്യപൂർണ്ണമാകുന്നത്?

(പ്രാർത്ഥനയിലൂടെ, ശുദ്ധി വരുമ്പോൾ, അശുദ്ധി മാറുമ്പോൾ)

d. കരുത്തും ആരോഗ്യവും ഉണ്ടാകുന്നത് ഇങ്ങനെയുള്ള മനസ്സിലാണ്?

(ഈശ്വര ചിന്തയിൽ, ധ്യാനനിഷ്ഠമായ, ശുദ്ധമായ മനസ്സിൽ)

e. സുഹൃദ് സമ്മിതങ്ങളായ പുരാണങ്ങൾ ചെയ്യുന്നതെന്ത്?

(സുഹൃത്തിനെപോലെ ഉപദേശിക്കും, സ്നേഹിക്കും, പ്രാർത്ഥിക്കും)

f. ആദികാവ്യമേതാണ്?

(മഹാഭാരതം, രാമായണം, ഉപനിഷത്തുകൾ)

g. പുരാണങ്ങൾ നമുക്ക് വ്യക്തമാക്കുന്നതെന്ത്?

(ഉത്തമ ജീവിതത്തിന് ഉതുകുന്നതെല്ലാം, ധ്യാനിക്കാൻ, മറ്റുള്ളവരെ ഉപദേശിക്കാൻ)

h. വിവേകി എന്ന വാക്കിന്റെ വിപരീതമെന്ത്?

(അവിവേകി, വിവേകികൾ, വിവേകിനി)

i. പാത എന്ന അർത്ഥത്തിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദമേത്?

(ചുരം, മാർഗ്ഗം, വഴി)

j. ആരാണ് മനുഷ്യരോട് ആജ്ഞാപിക്കുന്നത് ?

(കാവ്യങ്ങൾ, പുരാണങ്ങൾ, വേദങ്ങൾ)

k. ശരീരത്തെ രോഗമുക്തമാക്കാൻ സാധിക്കുന്നത് എന്താണ്?

(ശാസ്ത്രം, പുരാണങ്ങൾ, മരുന്നുകൾ)

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (8x8=8)**

a. താവാകം എന്നതിന്റെ വിപരീത പദം ഏത്?

(മാമകം, മാമേകം, താപസം)

b. പൂവ്-ഈ പദത്തിന്റെ ശരിയായ പര്യായ പദം എടുത്തെഴുതുക?

(മുകുളം, മലർ, താര്, നളിനം)

c. മകൻ- ഈ പദത്തിന്റെ പര്യായ പദം കണ്ടെത്തുക?

(തനയൻ, വിനയൻ, സുതൻ, സൂതൻ)

d. മലർ എന്നതിന്റെ നാനാർത്ഥം എഴുതുക?

(ഇല, നെൽപ്പൊരി, പൂവ്, ദളം)

e. ഗൗരവം എന്ന വാക്കിന്റെ നാനാർത്ഥം എഴുതുക?

(ശ്രേഷ്ഠത, സ്വർഗ്ഗം, മമത, യശസ്സ് )

f. കദനം, കഥദം, അർത്ഥവ്യത്യാസമെഴുതുക?

(യുദ്ധം, നാശം, നിഷ്ഠ, ദു:ഖം, പറച്ചിൽ)

g. ' ദ്രോണരുടെ പുത്രൻ എന്നതിന്റെ ശരിയായ ഒറ്റപ്പദമേത്?

(ദ്രോണി, ദ്രോണ പുത്രൻ, ദ്രൗണി, അശ്വത്ഥാമാവ് )

h. പൗത്രൻ എതിർലിംഗം എഴുതുക ?

(പുത്രി, പൗത്രി , ജാമാതാവ് , ധാത്രി)

i. ഭ്രാതാവ് എന്ന പദത്തിന്റെ എതിർലിംഖം എന്താണ്?

(ഭ്രാതാവി, ഭഗിനി , ഭ്രാതാവിക, ഭ്രാതാവിനി)

j. തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക?

(അന്തപുരം, അന്ത:പ്പുരം, അന്ത:പുരം, അന്തർപുരം)

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക? (4x2=8)**

(ഓരോന്നിനും 1 മാർക്ക് വീതം )

a. ഇവരറിയുന്നില്ലെന്നഭിമാനം

i. ആരാണ് ഇങ്ങനെയൊരു പരാതി പറഞ്ഞത് ?

(കണ്ടുണ്ണി, ചാക്കുണ്ണി, പുള്ളുവൻ, ദുര്യോധനൻ)

ii. ആരാണ് ഇവിടെ വാക്താവിന്റെ അഭിമാനം അറിയാത്തത്?

(പാണ്ഡവർ, അപരിചിതർ, പരിഷ്കാരികൾ, ചെമ്പു മത്തായി)

b. i. ''ഓണക്കാലത്തുണരും ഞാൻ, തിരുവോണപാട്ടുകളാണെന് പാട്ടുകൾ''

ആരെക്കുറിച്ചാണ് ഇവിടെ പറയുന്നത്?

(മഹാബലിയെക്കുറിച്ച്, പുള്ളുവനെക്കുറിച്ച്, പുലരിയെക്കുറിച്ച്)

ii. ഇവിടെ പരാമർശിക്കുന്ന കാവ്യഭാഗം ആരുടേതാണ്?

(എഴുത്തച്ഛൻ, റഫീക്ക് അഹമ്മദ്, വൈലോപ്പിള്ളി, കുമാരനാശാൻ)

c, i. എഴുത്തച്ഛൻ ജീവിക്കുന്നത് ഏത് നൂറ്റാണ്ടിലാണ്?

(പതിനെട്ട്, പതിനഞ്ച്, പതിനാറ്, പതിനേഴ്)

ii. ലക്ഷ്മണ സാന്ത്വനം എന്ന പാഠ ഭാഗം ഏത് കാവ്യത്തിൽ നിന്ന് എടുത്തതാണ്?

(മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്, കണ്ണശ്ശരാമായണം)

d, ''ഉരച്ച് നോക്കണ്ടെന്നെ പറയും ഇത്ര ചെമ്പ്, ഇത്ര സ്വർണ്ണം''

i. ആരുടെ കഴിവാണ് ഇവിടെ പരാമർശിക്കുന്നത്?

(മത്തായി മാപ്പിളയുടെ, ചാക്കുണ്ണിയുടെ, ചാക്കൊരുമാപ്പിളയുടെ, മരയ്ക്കരുടെ)

ii. ആരുടേതാണീ വാക്കുകൾ

(ചാക്കുണ്ണിയുടെ,ചെമ്പ് മത്തായിയുടെ, ചാക്കൊരുമാപ്പിളയുടെ, മരയ്ക്കരുടെ)

e.''ഞാൻ എനിക്ക് വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്''

i.ആരുടേതാണീ വാക്കുകൾ ?

(ധൃഷ്ടദ്യുമ്നൻ, കർണ്ണൻ , ദുര്യോധനൻ)

ii.അശ്വത്ഥമാവ് എന്തിന്റെ പ്രതീകമാണ്?

(സ്നേഹം, ദീനാനുകമ്പ, പക)

f. ''രണ്ടു വാക്കുകൾ മാത്രം രണ്ടു വാക്കുകൾക്കിടയ്ക്ക് സ്വാന്ത്വനത്തിന്റെ നിറവ്''

i. വെള്ളായിയപ്പന്റെ യാത്ര അവസാനിക്കുന്നിടത്തിന്റെ സവിശേഷതയായി കഥാകാരൻ പറയുന്നത് എന്ത് ?

(ധ്വന്യാത്മകത, നിശബ്ദത, കൂട്ട നിലവിളി)

ii. നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നത്

(തൂക്കുകയർ, ബലിച്ചോറ്, പൊതിച്ചോറ്)

**4 ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക? (4x4=16)**

(ഓരോന്നിനും 1 മാർക്ക് വീതം )

a.''ഗുരു ഘാതികൾക്ക് കുലപാംസനാലോകങ്ങളില്ല''

i.കൗരവരുടെ ആദ്യ സേനാപതി ആര് ?

(കർണ്ണൻ, ദുര്യോധനൻ, ഭീഷ്മർ )

ii.സർവ്വ ധ്യുതാത്മാവ് എന്ന് പറഞ്ഞിരിക്കുന്നതാരെ?

(കൃഷ്ണനെ, ഭീഷ്മരെ, നാരദനെ)

iii.ആരാണ് ബ്രഹ്മശിരസ്സ് എന്ന സത്രം പ്രയോഗിച്ചത്?

(ദ്രൗണി, യുധിഷ്ഠൻ, ദുര്യോധനൻ)

iv.മരണാസന്നനായ ദുര്യോധനനെ കാണുവാൻ വന്നതാര്?

(സഞ്ജയൻ , ശ്രീകൃഷ്ണൻ, വ്യാസൻ)

b.''ആചാര്യ പുത്രാ എന്നെ ശാസ്ത്രം കൊണ്ട് കൊന്നേക്കു''

i.ആരാണ് പറയുന്നത്?

(ധൃതരാഷ്ട്രർ, ധർമ്മ പുത്രൻ, ധൃഷ്ടദ്യുമനൻ, ധാർത്തരാഷ്ട്രർ)

ii.എവിടെവെച്ചാണിത് പറയുന്നത് ?

(യുദ്ധക്കളത്തിൽ, ശിബിരത്തിൽ, അറയ്ക്കുള്ളിൽ, കൂടാരത്തിനുള്ളിൽ)

iii.ആരോടായിരുന്നു ഇത് പറഞ്ഞത്?

(ധൃഷ്ടദ്യുമനോട് , അശ്വത്ഥമാവിനോട്, കൃതവർമ്മവിനോട്, കൃപരോട്)

iv. മഹാഭാരതത്തിന്റെ മറ്റൊരു പേര്

( ഭാരതം, ജയം, ഭാഗവതം)

v. c.''ഇതൊക്കെ കുട്ട്യോളെപ്പോലെ നോക്കേണ്ടതാ''

i.ഏതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത് ?

( തയ്യൽ മെഷീൻ, പണയമുതൽ, റേഡിയോ)

ii.റേഡിയോ വാങ്ങാം പുറപ്പെട്ട ചാക്കുണ്ണിയോട് നാട്ടുകാരുടെ മനോഭാവം എന്തായിരുന്നു?

(അസൂയ, ദേഷ്യം, ആദരവ്)

iii.പണയം എന്ന ചെറുകഥയുടെ കർത്താവാര്?

(ഇ. സന്തോഷ് കുമാർ, പെരുമ്പടവം ശ്രീധരൻ, എ.പി ഉദയഭാനു)

iv.പണയം എന്ന കഥ നടക്കുന്നത് എവിടെ?

(ആറാട്ടുകുന്ന് എന്ന ഗ്രാമത്തിൽ, പട്ടണത്തിൽ, മലയാറ്റൂർ)

d.''ഇന്നും പഴി പറഞ്ഞേക്കും. മടങ്ങാതെ വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു''

i.ആര് ആരെയാണ് പഴി പറയുന്നത്?

(അമ്മ മകനെ , മകൻ അമ്മയെ, ഭാര്യ ഭർത്താവിനെ, നാട്ടുകാർ മകനെ)

ii.എന്തിനാണ് പഴി പറയുന്നത്?

(അമ്മയെ ചികിൽസിക്കാത്തതിന്, അമ്മയെ സ്നേഹിക്കാത്തതിന്, അമ്മയെ ഉപേക്ഷിക്കാത്തതിന്, അമ്മയെ തിരികെ കൊണ്ടുപോകാത്തതിന്)

iii.എവിടെ നിന്നാണ് മടങ്ങേണ്ടത്?

(ആശുപത്രിയിൽ നിന്ന്, മാളിൽ നിന്ന്, കോവിലിന് മുന്നിൽ നിന്ന്, തെരുവിൽ നിന്ന്)

iv.ഈ വരികളിലെ ഭാവം എന്താണ്?

(അമ്മയോടുള്ള സ്നേഹം, ഭാര്യയോടുള്ള സ്നേഹം, തന്നെ കുറിച്ചുള്ള അവജ്ഞ, ഭാര്യയോടുള്ള അവജ്ഞ)

e." പോയതൊക്കെ യഥവാ നമുക്കയേ പ്രായവും സപതിമാറി കാര്യവും"

i.ആരുടെയാണീ വാക്കുകൾ?

(നളിനിയുടെ, കവിയുടെ, ദിവാകരന്റെ)

ii.നളിനിയിലൂടെ ആശാൻ രൂപം കൊടുക്കുന്നത് എന്തിന്?

(ഉദാത്തമായ ഒരു പ്രേമ സങ്കലപത്തിന്, ഭക്സ്തി പ്രസ്ഥാനം പ്രചരിപ്പിക്കുക, ജാതീയമായ ഉച്ചനീചത്വങ്ങളില്ലാതാക്കുക)

iii.അന്യ ജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ'

ആരുടെ വാക്കുകളാണിത് ?

(ദിവാകരന്റെ , നളിനിയുടെ, കവിയുടെ, ലീലയുടെ)

iv. 'നളിനി' എന്ന കാവ്യത്തിന്റെ മറ്റൊരു പേരെന്ത്?

(സ്നേഹം, ഒരു സ്നേഹം, സ്നേഹഗീത, സ്നേഹഗാഥ)

**ബി വിഭാഗം / Section B** **(2x1=2)**

**5,a.** പ്രയോഗം മാറ്റുക

i."കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവ സാന്ദ്രമായി"

ii.അർജുനൻ യുധിഷ്ഠിരനാൽ, അശ്വരക്ഷിതാവാക്കപ്പെട്ടു

b. അംഗ വാക്യം, അംഗീവാക്യം എന്നിവ വേർതിരിച്ചെഴുതുക **(2x1=2)**

i.വെള്ളായിയപ്പൻ വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ കൂട്ടനിലവിളി ഉയർന്നിരുന്നു.

ii. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ പ്രായാസപ്പെടുന്ന ദാരിദ്രനായ തയ്യൽക്കാരനാണ് ചാക്കുണ്ണി.

c, വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക **(2x1=2)**

i. ഒരു ചലച്ചിത്രത്തിലെന്നപോലെ വായനക്കാരന്റെ മനസ്സിൽ കാഴ്ച്ചയുടെ ദൃശ്യനുഭവം പകർന്നു നല്കാൻ 'പണയം' എന്ന കഥയ്ക്ക് കഴിയുന്നുണ്ട്

ii. ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ശ്രീയോടും ഐശ്വര്യത്തോടും കൂടി ഇരിക്കുന്ന ഒരുവനോടാണ് ഒരാളിതു ചെയ്തങ്കിൽ ബഹുമാനിക്കാമായിരുന്നു.

d, അർഥം മാറാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കി മാറ്റുക. **(2x1=2)**

i. അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി

ii. നഗരവാസികൾക്ക് ഗ്രാമത്തിൽ പാർക്കണമെന്നാണ് താല്പര്യം.

e, ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം സ്വന്തവാക്യത്തിൽ പ്രയോഗിക്കുക.

**(2x1=2)**

i. അഭയ കേന്ദ്രം

ii. വിശാല മനസ്കൻ

iii. ആദരവ്

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. (3x5=15)**

a. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക

i. സമൂഹമാധ്യമങ്ങളും വിദ്യാർത്ഥികളും 5

ii. പരസ്യങ്ങളും യുവ തലമുറയും

b, i. നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. 5

ii കൃഷിയിടത്തിലെ വന്യമൃഗശല്യത്തെക്കുറിച്ച് ഒരു പത്ര റിപ്പോർട്ട് തയ്യാറാക്കുക? 5

**7. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക?**

**(1x 3=3)**

a. ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.

i. "വീട്ടാത്ത കടം പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെ തന്നെയിരിക്കട്ടെ."

ഈ വാക്യം നൽകുന്ന ഭാവ തീവ്രത വ്യക്താമാക്കുക.

ii. ഗുരുഘാതികൾക്ക് കുലപാംസന, ലോകങ്ങളില്ല' വിശദീകരിക്കുക.

**b. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (2x3=6)**

i. ദേഹം നിമിത്തമുള്ള വ്യാമോഹം നന്നല്ല എന്ന് കവി പറയുന്നത് എന്ത് കൊണ്ട്?

ii. അമ്മത്തൊട്ടിൽ എന്ന കവിതയുടെ ആശയം എഴുതുക

iii. ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പ്രകൃതിയുടെ അവതരണത്തിലൂടെ കവി നൽകുന്ന സന്ദേശമമെന്ത് ?

**8. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (2x3=6)**

i. ചട്ടമ്പി സ്വാമികൾ ''ബലാഹ്വൻ'' എന്ന പേരിൽ അറിയപ്പെടാനുണ്ടായ സംഭവം വിവരിക്കുക

ii. ശ്രീ നാരായണഗുരുവും ചട്ടമ്പിസ്വാമികളും കണ്ടുമുട്ടിയതെങ്ങനെ?

iii. വിജ്ഞാന ദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പി സ്വാമികളെ വിശേഷിപ്പിക്കുന്നതെന്തു കൊണ്ട്?

***************************